# Year of Liturgy
# Eparchial Quiz Competition



Week - 36 ( 20 th August 2023)

1) What are the final rites of the wedding?
The erection and the dismantling of the Bridal Chamber.

2) Where does the erection and the dismantling of the Bridal Chamber take place?
At home.

3) The erection of the Bridal Chamber recalls what in the Old Testament?
The bridal canopy (*chuppah*).

4) What is the Old Testament reference for the Bridal Canopy?
Ps. 19: 5

5) In the Jewish tradition, what does the Bridal Chamber symbolise?
The groom's home and the bride's new domain.

6) What does the erection of the Bridal Chamber symbolise?
The marriage between *Maran Isho M'shiha* and the Church; the bridal chamber is the spiritual and eternal one.

7) What does Mar Aprem call the Bridal Chamber?
The chamber of light.

8) What do the Syriac fathers compare the entrance of the spouses into the Bridal Chamber with?
The Syriac fathers compare the entrance of the spouses into the Bridal Chamber with the heavenly banquet that is prepared for the just.

9) When does the erection of the Bridal Chamber take place?

The service is usually conducted on the evening of the wedding, before the spouses retire for the night.

10) What do the liturgical prayers of the erection of the Bridal Chamber portray?
The liturgical prayers portray the Church edifice as the temple of *Alahaa* and a Bridal Chamber on Earth, which is a prefiguration of the Heavenly Bridal Chamber. The Church is also described as a bride that is awaiting the second coming of the bridegroom (Our Lord) when he will take her to the Heavenly Bridal Chamber.

11) What are the rites in the of erection of the Bridal Chamber?
The rite commences with the reciting of the Lord's Prayer and followed by a priestly prayer where he prays for the indissoluble union of the couple. It proceeds with Psalm 121 with a refrain. Afterwards, the priest recites a prayer and incenses the bridal chamber. An antiphon is chanted for the benediction of the house and of the spouses. It beseeches the Power and help of the *Sleeva*, the intercession of *Marth Mariyam*, and the saints. The antiphon is followed with a priestly prayer that seeks to benedict the spouses and another three hymns are recited. After the priestly prayer, Psalm 67 is recited with a refrain where it asks for the blessing of the Bridal Chamber. After the chanting of the hymn, the liturgy says, "Here the Bridal Chamber is closed." It is followed with the reciting of the *Teshbuktha* and priestly prayers for the intercession of the Virgin *Maryam* and of the saints. Then follows the Litany, Trisagion, and reciting of the Lord's Prayer and is concluded with two prayers and a final benediction.

12) How does the erection of Bridal Chamber end?
The closing of the Bridal Chamber after the spouses have entered it.

13) What is symbolised by the closing of the Bridal Chamber?
It signifies the closing of the heavenly room after the entry of the bridegroom (Matt 25: 10).

14) When did the dismantling of the Bridal Chamber take place?
The dismantling of the Bridal Chamber generally took place one week after the marriage.

15) What does the dismantling of the Bridal Chamber intend?
It intends to implore the blessings of the Lord for procreation and the good education of the children.

16) What are the cultural elements adapted by the *Marthoma Nasranis* of *Hendo* (India)?
*Minnu (Tali)* and *Mantharakodi*.

17) How many balls form the shape of the cross on the *Tali* of *Marthoma Nasranis*?

18) What is the significance of 21 balls on the *Tali*?
7 x 3 = 21
7: Completeness
3: Holy Trinity

19) Who prepares the twine for the *Thali*?
The twine is to be prepared by the party of the bridegroom (sister and brother-in-law).

20) When and where should the twine for the *Thali* be prepared?
After the *Chantham Charth,* the twine with which the *Tali* is tied is prepared in the house of the bridegroom.

## Week - 36 ( 20 th August 2023)

1. വിവാഹത്തിന്റെ സമാപന കർമ്മങ്ങൾ ഏതെല്ലാം?
മണിയറയുടെ ഒരുക്കലും നീക്കം ചെയ്യലും.

2. എവിടെയാണ് മണിയറയുടെ ഒരുക്കലും നീക്കം ചെയ്യലും നടത്തുന്നത്?
ഭവനത്തിൽ.

3. മണിയറയുടെ ഒരുക്കൽ പഴയനിയമത്തിലെ എന്ത് ഓർമ്മിപ്പിക്കുന്നു?
വിവാഹവിതാനം (ചുപ്പാഹ്).

4. വിവാഹ വിതാനത്തിന്റെ പഴയനിയമ സൂചകം ഏതാണ്?
സങ്കീർത്തനം 19,5

5. യഹൂദ പാരമ്പര്യത്തിൽ മണിയറ എന്തിനെ സൂചിപ്പിക്കുന്നു?
വരന്റെ ഭവനവും വധുവിന്റെ പുതിയ പ്രവർത്തനരംഗം.

6. മണിയറയുടെ ഒരുക്കം എന്തു സൂചിപ്പിക്കുന്നു?
കർത്താവ് ഈശോമിശിഹായും സഭയുമായുള്ള വിവാഹത്തെ സൂചിപ്പിക്കുന്നു. മണിയറ ആത്മീയവും നിത്യവുമാണ്.

7. മാർ അപ്രേം മണിയറയെ എന്തു വിളിക്കുന്നു?
വെളിച്ചത്തിന്റെ മുറി.

8. മണിയറയിലേക്കുള്ള ദമ്പതികളുടെ പ്രവേശനത്തെ സുറിയാനിപിതാക്കൻമാർ എന്തിനോടാണ് താരതമ്യപ്പെടുത്തുന്നത്?
നീതിമാന്മാർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗീയ വിരുന്നിനോട്.

9. എപ്പോഴാണ് മണിയറയുടെ ഒരുക്കൽ നടക്കുന്നത്?
വിവാഹ ദിവസം വൈകുന്നേരം, ദമ്പതികൾ രാത്രി വിശ്രമിക്കാൻ പ്രവേശിക്കുന്നതിനു മുൻപ്.

10. മണിയറ ഒരുക്കലിന്റെ ആരാധനക്രമ പ്രാർത്ഥനകൾ എന്താണ് ചിത്രീകരിക്കുന്നത്?
ആരാധന ക്രമ പ്രാർത്ഥനകൾ പള്ളിയെ ആലാഹയുടെ ആലയമായും സ്വർഗ്ഗീയ മണിയറയുടെ മുന്നാസ്വാദനമായ ഭൂമിയിലെ മണിയറയായും ചിത്രീകരിക്കുന്നു. വരന്റെ (നമ്മുടെ കർത്താവ്) രണ്ടാം വരവിനായി കാത്തിരിക്കുന്ന വധുവായും സഭയെ ചിത്രീകരിക്കുന്നു. രണ്ടാം വരവിൽ അവൻ അവളെ സ്വർഗ്ഗീയ മണിയറയിലേക്ക് പ്രവേശിപ്പിക്കും.

11. മണിയറയുടെ ഒരുക്കലിന്റെ കർമ്മങ്ങൾ ഏതെല്ലാമാണ്?
കർത്തൃപ്രാർത്ഥനയോടെ കർമ്മങ്ങൾ ആരംഭിക്കുന്നു. തുടർന്ന് പുരോഹിതൻ ദമ്പതികളുടെ അവിഭാജ്യ കൂട്ടായ്മയ്ക്കായി പ്രാർത്ഥിക്കുന്നു. തുടർന്ന് 121 ാം സങ്കീർത്തനം കാനോനയോടെ ചൊല്ലുന്നു. തുടർന്ന് പുരോഹിതൻ പ്രാർത്ഥിക്കുകയും മണിയറ ധൂപിക്കുകയും ചെയ്യുന്നു. ഭവനത്തിന്റെയും ദമ്പതികളുടെയും ആശിർവ്വാദത്തിനായി പ്രതിവചനം (ആന്റിഫോൺ) ചൊല്ലുന്നു. വിജയം വരിച്ച സ്ലീവായുടെ ശക്തിയും സഹായവും മർത്ത് മറിയത്തിന്റെയും വിശുദ്ധരുടെയും മാദ്ധ്യസ്ഥ്യവും അപേക്ഷിക്കുന്നു. തുർന്ന് ദമ്പതികളുടെ ആശിർവ്വാദം യാചിക്കുന്ന പുരോഹിതപ്രാർത്ഥന ചൊല്ലുകയും മൂന്നു ഗീതങ്ങൾ ആലപിക്കുകയും ചെയ്യുന്നു. തുടർന്ന് കാനോനയോടെ 67 ാം സങ്കീർത്തനം ചൊല്ലുകയും

അവിടെ മണിയറയുടെ ആശീർവ്വാദം യാചിക്കുകയും ചെയ്യുന്നു. ഗീതങ്ങൾ ആലപിച്ച ശേഷം ആരാധനക്രമത്തിൽ ഇങ്ങനെ പറയുന്നു "ഇതാ മണിയറ അടയ്ക്കപ്പെട്ടിരിക്കുന്നു" പിന്നീട്, തെശ്ബൊഹ്ത്തായും പരിശുദ്ധകന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും മദ്ധ്യസ്ഥ്യം യാചിക്കുന്ന പുരോഹിത പ്രാർത്ഥനകളും ചൊല്ലുന്നു. തുടർന്ന് ലുത്തിനിയായും, ത്രിസാഗിയോണും, കർതൃപ്രാർത്ഥനയും ചൊല്ലുകയും രണ്ടുപ്രാർത്ഥനകൾക്കുശേഷം സമാപന ആശീർവ്വാദം നല്കുകയും ചെയ്യുന്നു.

12. എപ്രകാരമാണ് മണിയറയുടെ ഒരുക്കം പൂർത്തിയാക്കുന്നത്?
ദമ്പതികൾ പ്രവേശിച്ച ശേഷം മണിയറ അടയ്ക്കുമ്പോൾ.

13. മണിയറ അടയ്ക്കുന്നത് എന്തു സൂചിപ്പിക്കുന്നു?
വരന്റെ പ്രവേശനത്തിനു ശേഷം സ്വർഗ്ഗം അടയ്ക്കപ്പെടുന്നതിനെ (മത്തായി 25, 10) ഇതു സൂചിപ്പിക്കുന്നു.

14. എപ്പോഴാണ് മണിയറയുടെ നീക്കം ചെയ്യൽ നടക്കുന്നത്?
പൊതുവേ, വിവാഹത്തിന് ഒരാഴ്ചയ്ക്കു ശേഷമാണ് മണിയറയുടെ നീക്കം ചെയ്യൽ നടക്കുന്നത്.

15. മണിയറയുടെ നീക്കം ചെയ്യൽ എന്താണ് ലക്ഷ്യം വയ്ക്കുന്നത്?
മക്കളുടെ ജനനത്തിനും കട്ടികളുടെ നല്ല വിദ്യാഭാസത്തിനുമുള്ള കർത്താവിന്റെ അനുഗ്രഹം യാചിക്കുന്നതിനെ ലക്ഷ്യം വയ്ക്കുന്നു.

16. ഹെന്തോ(ഇന്ത്യ)യിലെ മാർ തോമ നസ്രാണികൾ വിവാഹത്തിൽ കൂട്ടിചേർത്ത സാംസ്കാരിക ഘടകങ്ങൾ ഏവ?
മിന്ന് (താലി), മന്ത്രകോടി.

17. മാർ തോമ നസ്രാണികളുടെ താലിയിലെ കുരിശ് എത്ര മുത്തുകൾ കോണ്ടാണ് രൂപപ്പെടുത്തിയിരിക്കുന്നത്?
21

18. താലിയിലെ 21 മുത്തുകളുടെ പ്രാധാന്യം എന്ത്?
7 x 3= 21
7= പൂർണ്ണത
3= പരിശുദ്ധ ത്രിത്വം.

19. താലിയിലെ ചരട് ആരാണ് ഒരുക്കുന്നത്?
വരന്റെ ആളുകളാണ് അത് ഒരുക്കുന്നത് (സഹോദരിയും സഹോദരി ഭർത്താവും).

20. താലിയിലെ ചരട് എപ്പോൾ എവിടെ വച്ച് ഒരുക്കുന്നു?
വരന്റെ വീട്ടിൽ ചന്തം ചാർത്തിനു ശേഷമാണ് താലിയിലെ ചരട് ഒരുക്കുന്നത്.